# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.3407** — **14/03/2017-ന് മറുപടിക്ക്**

## കോട്ടയം ജില്ലയിലെ എൽ.ഡി.സി.വേരിയസ് ഡിപ്പാർട്ട്മെന്റ് നിയമനം

**ചോദ്യം**
ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ

**ഉത്തരം**
ശ്രീ.പിണറായി വിജയൻ
മുഖ്യമന്ത്രി

| | | | |
|---|---|---|---|
| (എ) | 31.03.2015-ന് പ്രസിദ്ധീകരിച്ച എൽ.ഡി.സി.വേരിയസ് ഡിപ്പാർട്ട്മെന്റ് മെയിൻ ലിസ്റ്റിൽ എത്ര ആളുകൾക്ക് നിയമനം നൽകി; അതിൽ പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ടവർ എത്ര; മെയിൻ ലിസ്റ്റിന്റെ കാലാവധി എന്നു തീരും; പ്രസ്തുത റാങ്ക് ലിസ്റ്റിൽ സപ്ലിമെന്ററി ആയി എത്ര പേരാണ് ഉൾപ്പെട്ടിട്ടുള്ളത്; അതിൽ എസ്.സി., എസ്.റ്റി. ഉദ്യോഗാർത്ഥികളുടെ പേര് വിവരങ്ങൾ നൽകാമോ; നിലവിൽ പട്ടികജാതി-പട്ടിക വർഗ്ഗത്തിൽപ്പെട്ട റാങ്ക് ഹോൾഡേഴ്സിന് മെയിൻ/സപ്ലിമെന്ററി ലിസ്റ്റിൽ നിന്ന് നിയമന സാധ്യതയുണ്ടോ ; | (എ) | കോട്ടയം ജില്ലയിൽ എൽ.ഡി.സി. തസ്തികയിൽ 315 പേർക്ക് നിയമന ശിപാർശ നൽകി. പട്ടികജാതി വിഭാഗത്തിൽപ്പെട്ട 19 പേർക്കും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 5 പേർക്കും നിയമന ശിപാർശ നൽകി. ടി തസ്തികയുടെ സപ്ലിമെന്ററി ലിസ്റ്റിൽ 1094 പേർ ഉൾപ്പെട്ടിട്ടുണ്ട്. അതിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെട്ടവരുടെ പേരു വിവരം അനുബന്ധമായി ചേർക്കുന്നു. ലിസ്റ്റിന്റെ കാലാവധിക്കുള്ളിൽ റിപ്പോർട്ട് ചെയ്യുന്ന ഒഴിവുകളിലേയ്ക്ക് പി.എസ്.സി. നിയമന ശിപാർശ നൽകുന്നതാണ്. |
| (ബി) | ഈ ലിസ്റ്റിൽ നിന്ന് നിയമനം നടത്താൻ കോട്ടയം ജില്ലയിൽ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; റിപ്പോർട്ട് ചെയ്യാത്ത വേക്കൻസികൾ അടിയന്തരമായി റിപ്പോർട്ട് ചെയ്യിക്കാനുള്ള നടപടി സ്വീകരിക്കുമോ ? | (ബി) | നിലവിൽ 29 ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വകുപ്പുകളിലെ നിലവിലുള്ള ഒഴിവുകളും പ്രതീക്ഷിത ഒഴിവുകളും അടിയന്തരമായി പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് വിവിധ സർക്കുലറുകൾ മുഖേന വകുപ്പദ്ധ്യക്ഷന്മാർക്കും നിയമനാധികാരികൾക്കും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. പി.എസ്.സി. മുഖേനയുള്ള നിയമനങ്ങൾ ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി വകുപ്പുകൾ റിപ്പോർട്ട് ചെയ്യുന്ന ഒഴിവുകളുടെ കൃത്യതയും പുരോഗതിയും വിലയിരുത്തുന്നതിനായി സർക്കാർ ഒരു പുതിയ സോഫ്റ്റ് വെയർ VARAM(Vacancy Arising Reporting and Monitoring system) വികസിപ്പിച്ചിട്ടുണ്ട്. നിയമനങ്ങൾ ത്വരിതപ്പെടുത്തുന്നതിനായി 28.02.2017 നു മുമ്പ് വകുപ്പുതല പ്രമോഷൻ കമ്മിറ്റി ചേർന്ന് സെലക്ട് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**